(സി) പുനലൂർ നഗരസഭയിലെ തൊളിക്കോട് എൽ.പി. സ്കൂളിൽ ഇപ്പോൾ പി.ടി.സി.എം. തസ്തികയിൽ ആരെങ്കിലും ജോലിചെയ്യുന്നുണ്ടോ ;

(ഡി) സ്റ്റാഫ് ഫിക്സേഷനിൽ ടി സ്കൂളിൽ പി.ടി.സി.എം. തസ്തിക നിർണ്ണയിച്ച് നൽകിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ടി സ്കൂളിൽ അടിയന്തരമായി പി.ടി.സി.എം.-നെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) പഞ്ചായത്ത്/ മുനിസിപ്പൽ എൽ.പി/യു.പി. സ്കൂളുകൾ 2-1-2010-ൽ സർക്കാർ ഏറ്റെടുക്കുമ്പോൾ ടി സ്കൂളുകളിൽ അംഗീകൃത പി.ടി.സി.എം. തസ്തികകൾ ഇല്ലായിരുന്നു. ഇങ്ങനെ ഏറ്റെടുത്ത 78 സ്കൂളുകളിൽ 19 എണ്ണത്തിൽ പഞ്ചായത്ത് കമ്മിറ്റി/ മുനിസിപ്പൽ കൗൺസിലുകൾ നിയമിച്ചവരും സർക്കാർ അംഗീകരിച്ചിട്ടില്ലാത്തവരുമായ പി.ടി.സി.എം. ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി, ടി ജീവനക്കാർ വിരമിക്കുമ്പോൾ/ മരണപ്പെടുമ്പോൾ ടി തസ്തികകൾ നിർത്തലാക്കപ്പെടുമെന്ന വ്യവസ്ഥയിൽ 19 പി.ടി.സി.എം. തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പുനലൂർ വിദ്യാഭ്യാസ ജില്ലയിലെ തൊളിക്കോട് ഉൾപ്പെടെയുള്ള ബാക്കി സ്കൂളുകളിൽ പി.ടി.സി.എം തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ഏറ്റെടുത്ത സ്കൂളുകളിൽ ആദായകരമല്ലാത്തതും മതിയായ മിനിമം എണ്ണം വിദ്യാർത്ഥികൾ ഇല്ലാത്തതുമായ സ്കൂളുകളിൽ പി.ടി.സി.എം. തസ്തികകൾ സൃഷ്ടിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

എച്ച്-എസ്. എ. ഇംഗ്ലീഷ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം

90 (7057) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ലയിൽ പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനനടപടികൾ ത്വരിതപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 83 പേർക്ക് നിയമനം നൽകി.

(ബി) ഒഴിവുകളില്ല

(സി&ഡി) 2014-15 വർഷത്തെ തസ്തിക നിർണ്ണയം കഴിഞ്ഞാൽ മാത്രമെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ.

എച്ച്.എസ്.എസ്.ടി.സീനിയർ/ജൂനിയർ റാങ്ക് ലിസ്റ്റ്

91 (7058) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്.എസ്.എസ്.ടി. സീനിയർ/ജൂനിയർ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നുണ്ടായിട്ടുള്ള നിയമനത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) എച്ച്.എസ്.എസ്.ടി ജൂനിയർ/സീനിയർ തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലുള്ള വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

ഇംഗ്ലീഷ്

സോഷ്യോളജി

പൊളിറ്റിക്കൽ സയൻസ്

സൈക്കോളജി

ഹിസ്റ്ററി

ഇക്കണോമിക്സ്

മലയാളം

അറബിക് ജൂനിയർ

ബോട്ടണി

(ബി)

ഇംഗ്ലീഷ് (സീനിയർ)	- 368 നിയമനം നടന്നു.
ഇംഗ്ലീഷ് (ജൂനിയർ)	- 132 നിയമന ശുപാർശലഭിച്ചു.
സോഷ്യോളജി (സീനിയർ)	- 54 നിയമനം നടന്നു.
സൈക്കോളജി (സീനിയർ)	- 1 നിയമനം നടന്നു.
സൈക്കോളജി (ജൂനിയർ)	- 1 നിയമനം നടന്നു.